**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2082** **30-09-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ ക്ലറിക്കൽ തസ്തികയായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ നിർവഹിക്കേണ്ട ജോലികൾ അവരുടെ അഭാവത്തിൽ ടെക്നിക്കൽ കേഡറിലെ ജീവനക്കാർ നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ഇത്തരമൊരു ഉത്തരവ് നൽകിയിട്ടുള്ളതെന്നും അതിന് ആധാരമായ സാഹചര്യം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; ക്ലറിക്കൽ വിഭാഗം തസ്തികക്ക് യോഗ്യതയുള്ള നിരവധി ഉദ്യോഗാർത്ഥികളുള്ള സാഹചര്യത്തിൽ ഈ ഉത്തരവ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനം നിർത്തലാക്കിയ സാഹചര്യത്തിൽ 24.07.1985- ലെ G.O.(P)No.58/85/Plg നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിലെ ക്ലറിക്കൽ ജോലികൾ ടെക്നിക്കൽ വിഭാഗം ജീവനക്കാർ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണപരമായ പ്രവർത്തനങ്ങൾ ടെക്നിക്കൽ വിഭാഗം ജീവനക്കാർ കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ചുവരുന്നതിനാൽ ക്ലറിക്കൽ തസ്തികകൾ പുനഃസൃഷ്ടിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | സ്ഥിതി വിവരക്കണക്കുകൾ ക്രോഡീകരിക്കേണ്ട ടെക്നിക്കൽ കേഡറിലെ ജീവനക്കാർ ക്ലറിക്കൽ ജോലികളാണ് നിർവഹിക്കുന്നതെന്നും ഇതിന് മാത്രമായി ടെക്നിക്കൽ വിഭാഗം ജീവനക്കാർ ആവശ്യമില്ലെന്നും കാണിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (എ.ആർ.4) ഏതെങ്കിലും റിപ്പോർട്ട് തയ്യാറാക്കി ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല |
| (സി) | മറ്റ വകുപ്പുകളെ അപേക്ഷിച്ച് ക്ലറിക്കൽ വിഭാഗം ജീവനക്കാർക്ക് ചെയ്യാൻ പറ്റാത്ത എന്തെല്ലാം ജോലികളാണ് ക്ലർക്കിനെക്കാൾ ഉയർന്ന ശമ്പളത്തിലുള്ള ടെക്നിക്കൽ വിഭാഗം ജീവനക്കാർ ഈ വകുപ്പിൽ ചെയ്യുന്നതെന്നും വകുപ്പിലെ ഏതെല്ലാം ജോലികളാണ് നിലവിൽ അവരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നതെന്നും വിശദീകരിക്കാമോ; | (സി) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വിവിധ മേഖലകളിലെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാരിന്റെ നയരൂപീകരണത്തിനും, പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, തരംതിരിക്കൽ, വിശകലനം തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്ന ഏജൻസിയായാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രവർത്തിച്ചു വരുന്നത്. അതോടൊപ്പം ഭാരത സർക്കാരിന്റെ കാർഷിക-കർഷക ക്ഷേമ മന്ത്രാലയം നടപ്പിലാക്കുന്ന കാർഷിക |

| | | | |
|---|---|---|---|
| | | | സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. പ്രസ്തുത പദ്ധതികൾ കൃത്യതയോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും കണക്കാക്കുന്നതിനും, വിളപരീക്ഷണങ്ങൾ നടത്തുന്നതടക്കമുള്ള ജോലികൾ നിർവ്വഹിക്കുന്നതിനായും വകുപ്പിലെ ജീവനക്കാർക്ക് സ്റ്റാറ്റിസ്റ്റിക്സിന്റെ പ്രത്യേക രീതിശാസ്ത്രം ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം ആവശ്യമാണ്. ഇത്തരത്തിൽ തികച്ചും സാങ്കേതികമായ ജോലികൾ നിർവ്വഹിക്കേണ്ടതിനാലാണ് ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റേയും, വകുപ്പിന്റെ ശിപാർശയുടേയും അടിസ്ഥാനത്തിൽ വകുപ്പിലെ മിനിസ്റ്റീരിയൽ തസ്തികകളുടെ യോഗ്യത നിശ്ചിത വിഷയത്തിലുള്ള ബിരുദം ആക്കി നിശ്ചയിച്ച് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുകയുണ്ടായത്. |
| (ഡി) | സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ക്ലർക്ക് തസ്തികയിലെ ജോലിക്ക് പത്താം ക്ലാസ്സും അസിസ്റ്റന്റ് തസ്തികയിലെ ജോലിക്ക് ബിരുദവും നിശ്ചയിച്ചിട്ടും ഇതേ ജോലികൾ തന്നെ നിർവഹിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്ക് നിശ്ചിത വിഷയങ്ങളിലുള്ള ബിരുദം യോഗ്യതയാക്കി നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വിവിധ മേഖലകളിലെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാരിന്റെ നയരൂപീകരണത്തിനും, പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, തരംതിരിക്കൽ, വിശകലനം തുടങ്ങിയ ജോലികൾ നിർവ്വഹിക്കുന്ന ഏജൻസിയായാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രവർത്തിച്ചു വരുന്നത്. അതോടൊപ്പം ഭാരത സർക്കാരിന്റെ കാർഷിക-കർഷക ക്ഷേമ മന്ത്രാലയം നടപ്പിലാക്കുന്ന കാർഷിക സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. പ്രസ്തുത പദ്ധതികൾ കൃത്യതയോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും കണക്കാക്കുന്നതിനും, വിളപരീക്ഷണങ്ങൾ നടത്തുന്നതടക്കമുള്ള ജോലികൾ നിർവ്വഹിക്കുന്നതിനായും വകുപ്പിലെ ജീവനക്കാർക്ക് സ്റ്റാറ്റിസ്റ്റിക്സിന്റെ പ്രത്യേക രീതിശാസ്ത്രം ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം ആവശ്യമാണ്. ഇത്തരത്തിൽ തികച്ചും സാങ്കേതികമായ ജോലികൾ നിർവ്വഹിക്കേണ്ടതിനാലാണ് ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിന്റേയും, വകുപ്പിന്റെ ശിപാർശയുടേയും അടിസ്ഥാനത്തിൽ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | മിനിസ്റ്റീരിയൽ തസ്തികകളുടെ യോഗ്യത നിശ്ചിത വിഷയത്തിലുള്ള ബിരുദം ആക്കി നിശ്ചയിച്ച് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുകയുണ്ടായത്. |

സെക്ഷൻ ഓഫീസർ